തെരഞ്ഞെടുപ്പ്
വിശകലനം

# മൂന്നാം മുന്നണി അഥവാ മായാമുന്നണി

ഇനാമുറഹ്മാൻ

**തെരഞ്ഞെടുപ്പുചൂടിന്റെ** സിരാകേന്ദ്രമായ ദൽഹിയിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ വേവലാതിപ്പെടുന്നത് എന്തിന്റെ പേരിലാണെന്ന് ചോദിച്ചാൽ ഉത്തരങ്ങളിലൊന്ന് മൂന്നാം മുന്നണി എന്നായിരിക്കും. മൂന്നാംമുന്നണി മായയാണെന്നും തെരഞ്ഞെടുപ്പിൽ ഒരു ചുക്കും ചെയ്യാൻ അതിന് കഴിയില്ലെന്നും യു.പി.എയും എൻ.ഡി.എയും ഒരേ ശ്വാസത്തിൽ പ്രസ്താവനകൾ ഇറക്കുന്നുണ്ടെങ്കിലും കഴിഞ്ഞ ഏതാനും ദിവസങ്ങളായി പാർട്ടി ആസ്ഥാനങ്ങളിൽ നടക്കുന്ന ചർച്ചകളിൽ പലരും അടക്കം പറയുന്നത് ഈ പ്രതിഭാസത്തെക്കുറിച്ചാണ്. ആർക്കും ഇതുവരെ പിടികിട്ടാത്ത ഈ മായാജാലം എന്താണ്? മതേതര പാർട്ടികളെന്ന് പറയുന്നവരുടെ മുന്നണിയാണോ ഇത്, അതോ തെരഞ്ഞെടുപ്പിനു മുമ്പുള്ള വെറും കൂട്ടായ്മയോ? ആർക്കും ഒരു പിടിയുമില്ല. മാധ്യമപ്പട അടക്കം ആകെ കൺഫ്യൂഷനിലാണ്. ഇടതുചിന്ത തലക്കുപിടിച്ച മാധ്യമങ്ങളൊക്കെയും മൂന്നാംമുന്നണിയെന്ന് ആവേശപൂർവം പരിചയപ്പെടുത്തുമ്പോഴും അങ്ങനെയൊന്ന് നിലവിലില്ലെന്നാണ് തലപ്പത്തിരിക്കുന്നവർ തന്നെ വ്യക്തമാക്കിയത്. മൂന്നാം മുന്നണി നിലവിലുണ്ടോ എന്ന് ചോദിച്ചാൽ സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടു മുതൽ ആർ.എസ്.പി നേതാവ് ചന്ദ്രചൂഡൻ വരെ ഒറ്റവാക്കിൽ ഉത്തരം പറയും, ഇല്ല. മൂന്നാം മുന്നണിയില്ലേ എന്നു വീണ്ടും ചോദിച്ചാൽ ഉണ്ടെന്നാവും ഉത്തരം. സമാനമനസ്കരുടെ കൂട്ടായ്മയെന്ന് പോളിറ്റ് ബ്യൂറോ അംഗം സീതാറാം യെച്ചൂരി സൈദ്ധാന്തികമായി പറയുന്നുണ്ടെങ്കിലും ഈ അവിയൽ മുന്നണിയിലുള്ളവർക്ക് ഏക മനസ്സല്ല പല മനസ്സാണുള്ളതെന്ന് അദ്ദേഹത്തിനു തന്നെ നന്നായറിയാം. പിന്നെയുമുണ്ട് സംശയങ്ങൾ. മുന്നണിക്ക് നേതാവുണ്ടോ? ഇല്ല. കൺവീനറുണ്ടോ? ഇല്ല. പ്രധാനമന്ത്രി സ്ഥാനാർഥിയുണ്ടോ? ഇല്ല. മുന്നണിയായി മത്സരിക്കുമോ? ഇല്ല. അധികാരം കിട്ടിയാൽ പ്രധാനമന്ത്രി ആരാകും? അതിനുമില്ല ഉത്തരം.

**തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ബി.ജെ.പിയുടെയോ കോൺഗ്രസിന്റെയോ പിന്തുണയില്ലാതെ ആർക്കും ഭരിക്കാനാവില്ല എന്നതു തീർച്ച. യു.പി.എക്ക് ഭൂരിപക്ഷം കിട്ടിയാലും എൻ.ഡി.എക്കു ഭൂരിപക്ഷം കിട്ടിയാലും അവസരത്തിനൊത്ത് ആരുടെ കൂടെയും പോകാനാവുമെന്ന് തെളിയിച്ചിട്ടുള്ള നേതാക്കളോടൊപ്പമാണ് കാരാട്ട് തോളിൽ കൈയിട്ടു നടക്കുന്നത്. ഇനി അധികാരം കിട്ടിയെന്നുതന്നെ സങ്കൽപിക്കുക. എന്തായിരിക്കും ഈ അവിയലിന്റെ അവസ്ഥ? എല്ലാവരും പ്രധാനമന്ത്രിക്കുപ്പായവുമിട്ട് മുടി മിനുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ മുക്കൂട്ടു മുന്നണി എത്രകാലം മുന്നോട്ടു പോകും?**

മൻമോഹൻ സർക്കാർ വിശ്വാസവോട്ടു തേടുന്നതുവരെ മുന്നണിക്ക് പേരിനെങ്കിലും കൺവീനറുണ്ടായിരുന്നു- ടി.ഡി.പി നേതാവ് ചന്ദ്രബാബു നായിഡു. എന്നാൽ ആ മുന്നണിയിലുണ്ടായിരുന്ന പലരും ഇപ്പോഴില്ല. പുതിയ പലരും അരികുപറ്റി നിൽക്കുന്നുണ്ടുതാനും. അന്ന് മുന്നണിയുടെ നേതാവായി കൊണ്ടുനടന്നിരുന്ന മുലായം മൂടും തട്ടി പോയതോടെ കൺവീനറെയും മുന്നണിയെയും അമർസിംഗ് തന്റെ വസതിയിൽ പുതപ്പിച്ചു കിടത്തി. എന്നാൽ ആണവകരാറിനെ ചൊല്ലി ഇടതുപക്ഷം പിന്തുണ പിൻവലിച്ചതോടെ ചിത്രം മാറി. നാലര വർഷം റിമോട്ട് കൺട്രോൾ ഭരണം നട



ത്തിയ ഇടതുപാർട്ടികൾ തെരഞ്ഞെടുപ്പ് അടുത്തതോടെ കോൺഗ്രസ് സർക്കാറിനുള്ള പിന്തുണ പിൻവലിക്കുകയായിരുന്നു എന്നത് വേറെ കാര്യം. ബംഗാളിലും കേരളത്തിലും കോൺഗ്രസുമായി ചേർന്ന് തെരഞ്ഞെടുപ്പിനെ നേരിടാൻ സി.പി. എമ്മിനാവില്ലെന്ന് ആർക്കാണ് അറിയാത്തത്. അപ്പോൾ പിന്നെ ആണവകരാറിന്റെ പേരിൽ പിന്തുണ പിൻവലിക്കുകയല്ലാതെ കാരാട്ടും ബർദാനും എന്തു ചെയ്യും!

അതെന്തായാലും മൂന്നാം മുന്നണി ചർച്ചകൾ സജീവമായി നിലനിൽക്കുകയും മുലായം കൂടെ നിൽക്കുകയും ചെയ്യുമെന്ന കണക്കുകൂട്ടലാണ് യു.പി.എ സർക്കാറിനുള്ള പിന്തുണ പിൻവലിക്കാൻ സി.പി.എമ്മിന് ഊർജം നൽകിയത്. എന്നാൽ പകൽ ഇരുട്ടി വെളുത്തപ്പോഴേക്ക് മുലായം മറുകണ്ടം ചാടി. ആണവകരാർ രാജ്യതാൽപര്യത്തിന് അനുകൂലമാണെന്ന് കൗശലക്കാരനായ അമർസിംഗ് പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം വരുന്നതിന് തൊട്ടുമുമ്പുള്ള ഒരു സുന്ദര സായാഹ്നത്തിൽ മൂന്നാംമുന്നണി നേതാക്കളെ തന്റെ വീട്ടിൽ വിളിച്ചു വരുത്തി തങ്ങൾ ഒറ്റക്കെട്ടാണെന്ന് മാധ്യമങ്ങളെയും നേതാക്കളെയും അമർസിംഗ് ഒരു പോലെ തെറ്റിദ്ധരിപ്പിച്ചു. ഈ യോഗത്തിൽ നിന്നിറങ്ങി അമർസിംഗ് നേരെ പോയത് മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിന്റെ വീട്ടിലേക്ക്. കലാം കരാറിനനുകൂലമാണെന്ന് പ്രഖ്യാപിച്ച് അമർസിംഗ് കോൺഗ്രസിന് പിന്തുണ അറിയിച്ചു. അമർസിംഗിനു മാത്രം അറിയാവുന്ന തന്ത്രങ്ങളിൽ കാരാട്ടും മൂന്നാം മുന്നണിയും വട്ടംകറങ്ങി. എസ്.പി പിന്തുണ നൽകുമെന്ന് അറിയിച്ചതോടെ യു.പി.എ സർക്കാർ വീഴില്ലെന്ന് ഏറക്കുറെ

**മൂന്നാം മുന്നണിക്ക് അധികാരം കിട്ടിയെന്നുതന്നെ സങ്കൽപിക്കുക. എന്തായിരിക്കും ഈ അവിയലിന്റെ അവസ്ഥ? എല്ലാവരും പ്രധാനമന്ത്രിക്കുപ്പായവുമിട്ട് മുടി മിനുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ മുക്കൂട്ടു മുന്നണി എത്രകാലം മുന്നോട്ടു പോകും? ഉത്തരം പറയാതെ തന്നെ എല്ലാവർക്കുമറിയാം. അപ്പോൾ നമുക്ക് വീണ്ടും ചോദിക്കാം. എന്താണീ മൂന്നാംമുന്നണി? ആദി ശങ്കരന്റെ ഭാഷയിൽ മറുപടി പറഞ്ഞാൽ, സർവം മായ.**

ഉറപ്പായി. ദേശീയ രാഷ്ട്രീയത്തിൽ ഇടതു പാർട്ടികൾ ഒറ്റപ്പെടുമെന്ന സ്ഥിതി വന്നു. എന്നാൽ ജെ.എൻ.യു തലയിൽ ആൾ താമസമുണ്ടെന്ന് തെളിയിച്ച് കാരാട്ട് കാറിൽ കയറി ഓടിച്ചുപോയി, മായാവതിയുടെ വീട്ടിലേക്ക്. കതകു തുറന്നപ്പോൾ മായാവതി അമ്പരന്നു. മുന്നിൽ നിൽക്കുന്നത് ഒന്നാന്തരം ശത്രു. എന്നാൽ തന്റെ മുജ്ജന്മ ശത്രുവായ കോൺഗ്രസ്സിനോട് പിണങ്ങിയാണ് വന്നിരിക്കുന്നതെന്നും സർക്കാറിനെതിരെ വിശ്വാസവോട്ടെടുപ്പിൽ തങ്ങളോടൊപ്പം നിൽക്കണമെന്നും പ്രധാനമന്ത്രി വരെ ആക്കാമെന്നും കാരാട്ട് താണു കേണപേക്ഷിച്ചതോടെ മായാവതി പ്രസാദിച്ചു. ശത്രുവിന്റെ ശത്രു മിത്രം! അങ്ങോട്ടു പോയ കാരാട്ട് ഇരട്ടി ബലത്തിൽ എ.കെ.ജി ഭവനിൽ തിരിച്ചെത്തി. യു.പി.എ സർക്കാറിനെ വീഴ്ത്താൻ ആവുന്നതെല്ലാം ചെയ്തു. എന്നാൽ താൻ കൂട്ടിയാൽ കൂടുന്ന വിത്തല്ല അമർസിംഗെന്നും തന്നെ വിറ്റ കാശ് അദ്ദേഹത്തിന്റെ കൈയിലുണ്ടെന്നും മനസ്സിലാക്കാൻ വിശ്വാസ വോട്ടെടുപ്പിന്റെ ഫലം വരെ കാത്തിരിക്കേണ്ടി വന്നു പാവം കാരാട്ടിന്.

വിശ്വാസവോട്ടിൽ പരാജയപ്പെട്ടതോടെ മൂന്നാംമുന്നണിയുടെ കാറ്റു പോയെങ്കിലും തെരഞ്ഞെടുപ്പ് അടുത്തു വരുന്തോറും വീണ്ടും ചിറകുവെക്കുന്നതാണ് പിന്നീടു കണ്ടത്. തമിഴ്നാട്ടിൽ ജയലളിതയുടെ എ.ഐ.എ.ഡി.എം.കെ, കർണാടകയിൽ ഗൗഡയുടെ മതേതര ദൾ, ആന്ധ്രയിൽ ടി.ഡി.പി, ടി.ആർ.എസ്, നാലു ഇടതു പാർട്ടികൾ എന്നിവരാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. മായാവതി അരികുപറ്റി നിൽക്കാമെന്ന് സമ്മതിച്ചതോടെ പ്രതീക്ഷകൾ വീണ്ടും മുളപൊട്ടി. മുന്നണിക്ക് കൂടുതൽ ജീവൻ പകർന്ന് ഒറീസയിൽ നവീൻ പട്നായികിന്റെ ബിജു ജനതാദൾ ബി.ജെ.പി വിട്ടു. യെച്ചൂരി ഒറീസയിൽ പറന്നെത്തി അദ്ദേഹവുമായി ചർച്ച നടത്തി. ഇടതുപാർട്ടികളുമായി തെരഞ്ഞെടുപ്പു സഖ്യമുണ്ടാക്കുമെന്ന് നവീൻ പ്രഖ്യാപിച്ചു. സി.പി.എമ്മിനും സി.പി.ഐക്കുമായി രണ്ടു സീറ്റ് മാത്രമാണ് സംസ്ഥാനത്തുള്ളത്. ഈ യാഥാർഥ്യം മറന്ന് കേരളത്തിലെ മാധ്യമങ്ങൾ ആവേശത്തിൽ തലക്കെട്ടു നിരത്തി. ഒറീസയിൽ സി.പി.എം-ബി.ജെ.ഡി സഖ്യം. പിറ്റേന്നു തന്നെ നവീൻ നിലപാടു വ്യക്തമാക്കി. എൻ.ഡി.എ വിട്ടിട്ടില്ല. മൂന്നാംമുന്നണിയോടൊപ്പം തെരഞ്ഞെടുപ്പു ധാരണയുമില്ല. സഹകരണമൊക്കെയൊവാം. മറ്റു കാര്യങ്ങളൊക്കെ തെരഞ്ഞെടുപ്പിനു ശേ

ഷം തീരുമാനിക്കാം എന്നായിരുന്ന നവീൻ പട്നായികിന്റെ നിലപാട്. എന്നാലും ബാംഗ്ലൂരിൽ ഗൗഡയുടെ നേതൃത്വത്തിൽ നടന്ന റാലിയിൽ ബി.ജെ.ഡി പ്രതിനിധി പങ്കെടുത്തു. മായാവതിയുടെ പ്രതിനിധിയും റാലിക്കെത്തി. ആനന്ദ ലബ്ധിക്ക് ഇനിയെന്തുവേണം. കാരാട്ടും ബർദാനും ചന്ദ്രബാബു നായിഡും ഗൗഡയുമൊക്കെ കൈകോർത്തു നിൽക്കുന്ന പടം മാധ്യമങ്ങളിൽ നിറഞ്ഞു. മൂന്നാംമുന്നണി പിറന്നുവെന്നതിൽ മാധ്യമങ്ങൾക്കുമുണ്ടായില്ല സംശയം. എന്നാൽ ഇടതുപാർട്ടികളിൽ ആർ.എസ്.പിയും ഫോർവേഡ് ബ്ലോക്കും റാലിയിൽ പങ്കെടുത്തില്ലെന്ന് തിരക്കിനിടയിൽ ആരും അറിഞ്ഞില്ല. ഒന്നിച്ചുനിന്ന് ഫോട്ടോയെടുത്താലും റാലി നടത്തിയാലും മൂന്നാംമുന്നണിയാവുമോ? ആർ.എസ്.പി നേതാവ് ചന്ദ്രചൂഡനാണ് ഈ സംശയം ആദ്യമുന്നയിച്ചത്. മൂന്നാംമുന്നണി നിലവിൽ വന്നിട്ടില്ലെന്നും കൺവീനറുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ടെന്നും പൊതുവായ നയനിലപാടുകൾ രൂപീകരിക്കണമെന്നും വരുന്നവനെയും പോകുന്നവനെയുമൊക്കെ കൂടെ കൂട്ടേണ്ടതില്ലെന്നും പ്രഫസർ വെട്ടിത്തുറന്നു പറഞ്ഞു. ചന്ദ്രചൂഡൻ ചൂടായ അന്നുതന്നെ ദൽഹിയിലെ സി.പി.എം ആസ്ഥാനത്ത് മൂന്നാംമുന്നണി നേതാക്കളെല്ലാം ഒത്തു ചേർന്നു. മായാവതി ദൽഹിയിൽ ഏർപ്പെടുത്തിയ പഞ്ചനക്ഷത്ര വിരുന്നിൽ പങ്കെടുക്കാനെത്തിയ നേതാക്കൾ അതിനു തൊട്ടുമുമ്പാണ് യോഗം ചേർന്നത്. മുന്നണിക്ക് കൺവീനറുണ്ടാവില്ലെന്നും സമാന മനസ്കരുടെ കൂട്ടായ്മ മാത്രമാണിതെന്നും പ്രധാനമന്ത്രി സ്ഥാനാർഥിയെ പിന്നീട് തീരുമാനിക്കുമെന്നും പ്രകാശ് കാരാട്ട് മാധ്യമങ്ങളോട് പറഞ്ഞു. മതേതര പാർട്ടികളെ കൂടെ നിർത്തുന്നതിന് തെരഞ്ഞെടുപ്പിനു മുമ്പും ശേഷവും ശ്രമം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. ബദൽ സർക്കാറിനു വേണ്ടി ശ്രമിക്കുമെന്ന് തട്ടിവിട്ട് നേതാക്കളെല്ലാം വിരുന്നിനു പോയി. പ്രധാനമന്ത്രി സ്ഥാനാർഥിയെ തീരുമാനിക്കാനല്ല വിരുന്ന് നടത്തിയതെന്നും ബി.എസ്.പി എല്ലാ സീറ്റിലും തനിച്ചു മത്സരിക്കുമെന്നും മായാവതിയും വ്യക്തമാക്കി. ഇനി എന്താണ് നിങ്ങളുടെ പരിപാടിയെന്ന് ചോദിക്കാൻ ആരും മെനക്കെട്ടതുമില്ല.

വിരുന്നിന്റെ പിറ്റേന്ന് സി.പി.എം പ്രകടന പത്രിക പുറത്തിറക്കുന്നതിനോട് അനുബന്ധിച്ച് കാരാട്ടും കാര്യങ്ങൾ വ്യക്തമാക്കി. മൂന്നാംമുന്നണി തെരഞ്ഞെടുപ്പിന് മുമ്പുണ്ടാകില്ല. അധികാരം കിട്ടിയാൽ പ്രധാനമന്ത്രി സ്ഥാനാർഥിയുൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് തീരുമാനിക്കും. കാരാട്ടിന്റെ വിശദീകരണത്തോടെ ഒന്നുകൂടി വ്യക്തമായി, ബദൽ സർക്കാറിനു വേണ്ടി ശ്രമിക്കുന്നവർ തന്നെ വിവിധ സംസ്ഥാനങ്ങളിൽ പരസ്പരം മത്സരിക്കുന്ന അത്ഭുതമാണ് മൂന്നാം മുന്നണിയെന്ന്. ബി.എസ്.പിയും ബി.ജെ.ഡിയുമൊക്കെ ഒറ്റക്ക് മത്സരിക്കാൻ തീരുമാനിച്ചത് ഉദാഹരണം. കേരളം, ബംഗാൾ, യു.പി, കർണാടക, ആന്ധ്ര, ഒറീസ തുടങ്ങി മൂന്നാംമുന്നണിയിലുണ്ടെന്നും കൂടെ നിൽക്കുന്നുവെന്നുമൊക്കെ പറയുന്നവർ ഈ സംസ്ഥാനങ്ങളിൽനിന്ന് എല്ലാ സീറ്റിലും ജയിച്ചാൽ മാത്രമേ രാജ്യം ഭരിക്കുന്നതിനു വേണ്ട 273 എന്ന മാജിക് സംഖ്യ തികക്കാനാവൂ. കോൺഗ്രസിനും ബി.ജെ.പിക്കുമൊന്നും ഒരു സീറ്റു പോലും കിട്ടാതിരിക്കുകയും വേണം. ഉറക്കത്തിൽ പോലും ഇതു സംഭവിക്കില്ല. പിന്നെയെങ്ങനെ ഭരിക്കും? തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ബി.ജെ.പിയുടെയോ കോൺഗ്രസിന്റെയോ പിന്തുണയില്ലാതെ ആർക്കും ഭരിക്കാനാവില്ല എന്നതു തീർച്ച. യു.പി.എക്ക് ഭൂരിപക്ഷം കിട്ടിയാലും എൻ.ഡി.എക്കു ഭൂരിപക്ഷം കിട്ടിയാലും അവസരത്തിനൊത്ത് ആരുടെ കൂടെയും പോകാനാവുമെന്ന് തെളിയിച്ചിട്ടുള്ള നേതാക്കളോടൊപ്പമാണ് കാരാട്ട് തോളിൽ കൈയിട്ടു നടക്കുന്നത്. ഇനി അധികാരം കിട്ടിയെന്നുതന്നെ സങ്കൽപ്പിക്കുക. എന്തായിരിക്കും ഈ അവിയലിന്റെ അവസ്ഥ? എല്ലാവരും പ്രധാനമന്ത്രിക്കുപ്പായവുമിട്ട് മുടി മിനുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ മുക്കൂട്ടു മുന്നണി എത്രകാലം മുന്നോട്ടു പോകും? ഉത്തരം പറയാതെ തന്നെ എല്ലാവർക്കുമറിയാം. അപ്പോൾ നമുക്ക് വീണ്ടും ചോദിക്കാം. എന്താണീ മൂന്നാംമുന്നണി? ആദിശങ്കരന്റെ ഭാഷയിൽ മറുപടി പറഞ്ഞാൽ, സർവം മായ. ■

**സമാന മനസ്കരുടെ കൂട്ടായ്മയെന്ന് പോളിറ്റ് ബ്യൂറോ അംഗം സീതാറാം യെച്ചൂരി സൈദ്ധാന്തികമായി പറയുന്നുണ്ടെങ്കിലും ഈ അവിയൽ മുന്നണിയിലുള്ളവർക്ക് ഏക മനസ്സല്ല പല മനസ്സാണുള്ളതെന്ന് അദ്ദേഹത്തിനു തന്നെ നന്നായറിയാം. മുന്നണിക്ക് നേതാവുണ്ടോ? ഇല്ല. കൺവീനറുണ്ടോ? ഇല്ല. പ്രധാനമന്ത്രി സ്ഥാനാർഥിയുണ്ടോ? ഇല്ല. മുന്നണിയായി മത്സരിക്കുമോ? ഇല്ല. അധികാരം കിട്ടിയാൽ പ്രധാനമന്ത്രി ആരാകും? അതിനുമില്ല ഉത്തരം.**